# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3900** **21.06.2018- ൽ മറുപടിയ്ക്ക്**

## നവകേരളീയം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. ദിവാകരൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ വകുപ്പ് നടപ്പിലാക്കുന്ന നവകേരളീയം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് സഹകരണ സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് അവസരം ഒരുക്കുന്നതിനുമായാണ് നവകേരളീയം കുടിശ്ശിക നിവാരണം 2018 ആവിഷ്കരിച്ച് നടപ്പാക്കിയത്. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 31 വരെ ആയിരുന്നു. വിവിധ ഇളവുകളോടെ വായ്പ കുടിശ്ശികയായവർക്കും, ജപ്തി നടപടികളും മറ്റും നേരിടുന്ന പാവപ്പെട്ട ജനങ്ങൾക്കും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം ലഭിച്ചിരുന്നു. മുതലിനോടൊപ്പം പലിശ ക്രമീകരിച്ചും, കുറഞ്ഞ നിരക്കിലും, സാധാരണ പലിശയിലും, പലിശ കണക്കാക്കിയാണ് വായ്പാ കണക്ക് അവസാനിപ്പിക്കാൻ അവസരം നൽകിയത്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ നവകേരളീയം പദ്ധതിയിലൂടെ എത്രപേർ വായ്പാ കുടിശ്ശിക തീർത്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ നവകേരളീയം പദ്ധതിയിലൂടെ 14454 പേർ വായ്പാ കുടിശ്ശിക തീർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെയായി എത്ര കോടി രൂപ വായ്പാ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയിലൂടെ വായ്പാ കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br>തിരുവനന്തപുരം 213.58<br>കൊല്ലം 416.35<br>പത്തനംതിട്ട 154.19 |

| | | | | |
|---|---|---|---|---|
| | | | ആലപ്പുഴ | 11.13 |
| | | | കോട്ടയം | 1363.50 |
| | | | ഇടുക്കി | 384.05 |
| | | | എറണാകുളം | 1307.77 |
| | | | തൃശ്ശൂർ | 524.27 |
| | | | പാലക്കാട് | 436.58 |
| | | | മലപ്പുറം | 273.95 |
| | | | കോഴിക്കോട് | 199.09 |
| | | | വയനാട് | 48.48 |
| | | | കണ്ണൂർ | 589.56 |
| | | | കാസർഗോഡ് | 132.81 |
| | | | ആകെ | 6055.31 |

**സെക്ഷൻ ഓഫീസർ**